WEDNESDAY 10.01.2024 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR | Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/01/2024

1. എറണാകുളം ജില്ലിയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് കേരഗ്രാമമാകാനൊരുങ്ങുന്നു. 25.67 ലക്ഷം രൂപയുടെ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പഞ്ചായത്തിൽ 100 ഹെക്ടറിൽ (250 ഏക്കർ) ഉല്പാദനക്ഷമതയുള്ള കേരവൃക്ഷങ്ങൾ വളർന്നു തുടങ്ങും. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടീൽ, രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റൽ, തെങ്ങിന് തടമെടുക്കൽ സഹായം, സബ്സിഡി നിരക്കിൽ വളം നൽകൽ, പമ്പ് സെറ്റ് അടക്കമുള്ള ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കൽ, മൂല്യ വർദ്ധിത യൂണിറ്റിന് സഹായം നൽകൽ തുടങ്ങിയ സേവനങ്ങളാണ് പദ്ധതി പ്രകാരം കർഷകർക്ക് ലഭ്യമാകുന്നത്.

2. കേരള കാർഷികസർവ്വകലാശാലയും ഭാരതീയ കാർഷികഗവേഷണ കൗൺസിലും (ഐസിഎആർ) സംയുക്തമായി 2024 ജനുവരി 20, 21 തീയതികളിൽ തൃശ്ശൂരിലെ വെള്ളാനിക്കരയിൽ 'വനിതാകാർഷിക സംരംഭക മേഖല സമ്മേളനം 2024' സംഘടിപ്പിക്കുകയാണ്. കർഷകരെ അധികവരുമാനത്തോടെ ശാക്തീകരിക്കുന്നതിനും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വൈവിധ്യവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും വനിതാകാർഷിക സംരംഭക മേഖല സമ്മേളനം 2024 ലക്ഷ്യം വയ്ക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ കേരളം, കർണാടകം, ലക്ഷദ്വീപ് മേഖലയിലെ 48 കൃഷിവിജ്ഞാനകേന്ദ്രങ്ങളുടെ പ്രതിനിധികളും 250 ഓളം വനിതകാർഷികസംരംഭകരും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട് ലൈവ്സ്റ്റോക്ക് ഫാമിൽ നല്ലസങ്കരയിനം നേപ്പിയർ പുല്ല് കിലോയ്ക്ക് 3.50 രൂപ നിരക്കിൽ ലഭ്യമാണ്. താല്പര്യമുള്ള കർഷകർ 9562168273, 9495302129 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ കൂൺ വിത്തുകൾ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കാർഷിക കോളേജ് വെള്ളാനിക്കരയിൽ ടിഷ്യുകൾച്ചർ വാഴ തൈകളും കുരുമുളക്, കറ്റാർ വാഴ, കറിവേപ്പ് തൈകളും വിവിധ ഇനം ഉദ്യാന സസ്യങ്ങളും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. എപ്പിലാക്ന വണ്ട് ഇലകളുടെ ഹരിതകം തിന്ന് തീർത്ത് ഞരമ്പ് മാത്രമായി അവശേഷിപ്പിക്കുന്നു. ഇലകളിൽ കാണപ്പെടുന്ന പ്രാണികളെ നീക്കം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലകളിൽ തളിച്ച് കൊടുക്കുക ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായിനിയാക്കി തളിച്ച് കൊടുക്കുക, എന്നി മാർഗ്ഗങ്ങളിലൂടെ ഇവയെ നിയന്ത്രിക്കാം.

## പരിശീലന പരിപാടി

7. കേരള കാർഷിക സർവകലാശാല ഇ പഠന കേന്ദ്രം 'ലാൻഡ്സ്കേപ്പിംഗ് എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് 2024 ജനുവരി 11 മുതൽ ഫെബ്രുവരി 1 വരെ നടത്തുന്നു. 2024 ജനുവരി 10 വരെ www.celkau.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് -0487-

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

2438567,8547837256, 9497353389 എന്ന ഫോൺ നമ്പരിലോ, celkau@gmail.com എന്ന ഇമെയിലിലോ ബന്ധപ്പെടുക.

8. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 12 ന് രാവിലെ 10 മണിമുതൽ 4 മണിവരെ ജൈവകൃഷി എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0466 2212279, 0466 2912008, 6282937809 ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 2024 ജനുവരി 19,20 തീയതികളിൽ തേനീച്ച വളർത്തൽ, 22 ന് കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും (ചാണകത്തിൽ നിന്നുള്ള വിവിധതരം വളങ്ങളുടെ നിർമാണം) , 23 ന് കേക്ക് നിർമ്മാണവും അലങ്കാരവും എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം